# വള്ളത്തോൾക്കവിത

കുറ്റിപ്പുഴ കൃഷ്ണപിള്ള



വള്ളത്തോൾക്കവിത

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Autumn Leaves, a painting by Jervis McEntee (1828–1891). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ജ്ഞാനം
(പാന)

—വള്ളത്തോൾ

അപ്രമേയസുവിസ്താര ഗാംഭീര്യം
ത്വൽപ്രഭാവമഭംഗമഭിപൂർണ്ണം:
അപ്പെരുമതൻ നാലഞ്ചു തുള്ളിക-
ളബ്ധികൾ സദാ തുള്ളിയിരമ്പുന്നു-
ഇപ്പെരുംപറക്കൊട്ടിനാൽത്തങ്ങൾ ത-
ന്നല്പതയെപ്പരസ്യപ്പെടുത്തുന്നു;
ഭാസ്വരപ്രഭമായ നിൻവക്ത്രമോ,
ശാശ്വതമൌനമുദ്രം പരാവിദ്യേ!

നിൻ തിരുമൌനമല്ലോ നരർക്കേകീ
ചിന്തിതാവിഷ്കൃതിയ്ക്കുള്ള ഭാഷയെ:
എന്തുകൊണ്ടെനിയ്ക്കേകീല വാക്കൊന്നും
ബന്ധുരം തവ രൂപം വിവരിപ്പാൻ!

പൃത്ഥ്വിതന്നുള്ളിൽ നിന്നുൽഗ്ഗമിച്ചിട്ടും
വ്യർത്ഥവാഞ്ഛരകളാകിന ശാഖികൾ
പത്രമർമ്മരം കൊണ്ടഭ്രമാർഗ്ഗമോ-
ടെത്ര ചോദിപ്പതില്ല നിൻ തത്ത്വത്തെ?

ഉത്തരമിതിന്നെന്തി,ടിവെട്ടലോ,
പൊൽത്തകിടൊളിച്ചൂരൽ മിന്നിയ്ക്കലോ?
അസ്തു, ഗർജ്ജനതർജ്ജനാധിഷ്ഠിത
മജ്ഞരാമുപരിസ്ഥർതൻ ഗൌരവം!

ബാല്യകാലത്തു, നാനാസുമങ്ങളെ
പ്രോല്ലസിപ്പിച്ച പൈങ്കിളിപ്പാട്ടുമായ്,
ദാരിതതമസ്സായ തേജോഗുണ-
മേറിയേറി മുതിർന്ന കതിരോനും,
നാകമധ്യമണഞ്ഞു, മഹേശി, നിൻ
ലോകമൊട്ടാകെ നോക്കാൻ തുടങ്ങിയാൽ
'എന്തറിഞ്ഞു ഞാനെ'ന്നു വിവർണ്ണനായ്-
ത്തൻ തല ചായ്ക്കയല്ലയോ ചെയ്യുന്നു?
സ്വാജ്ഞതാബോധമല്ലാതെ മറ്റെന്താം?

ലോകമുണ്ടായനാൾ തൊട്ടിതേവരെ,
പ്രാകൃതർതൊട്ടു സംസ്കൃതന്മാർ വരെ,
എങ്ങിനെയൊക്കെയെങ്ങെങ്ങു തേടിയി-
ല്ലങ്ങയെ സ്വാത്മചോദിതർ മാനുഷർ!

ഏതൊരു കൊടുംകാട്ടിൻ നടുത്തട്ടി-
ലേതൊരു ദുർഗ്ഗഭൂവിലോ നില്ക്കുന്നു,
ഏതു വല്ലായ്മയേയും ശമിപ്പിപ്പാ-
നേകസാധനം നിന്റെ ദിവ്യൗഷധി.

ഏതൊരു കല്ലിലുൾച്ചേർന്നിരിയ്ക്കുന്നു
ജാഡ്യമാം നിൻതീയനാദ്യന്തേ,-
ബഹ്വഗാധമാമേതൊരു പർവ്വത-
ഗഹ്വരത്തിലോ പൂഴ്ന്നു കിടക്കുന്നു,
സർവദാരിദ്ര്യസംഹാരശക്തങ്ങ-
ളവ്യയങ്ങളാം താവകരത്നങ്ങൾ?

പൂർവകർക്കിതാ, ദണ്ഡനമസ്കാരം:
തീവ്രയത്നം തുടർന്നുതുടർന്നവർ
ദേവി, നിൻവെളിച്ചത്തിൻ നുറുങ്ങോരോ-
ന്നാവതുപോലെ സംഗ്രഹിച്ചാരല്ലോ;
ഇല്ലയെങ്കിലി,ന്നെങ്ങെൻ തരക്കാർത
ന്നല്ലിലും ചില മിന്നാമിനുങ്ങുകൾ!

ബുദ്ധികൊണ്ടു ചിറകുകൾ സമ്പാദി-
ച്ചെത്ര മേല്പോട്ടു കേറിപ്പറന്നാലും,
മാനവന്നു മുൻമട്ടിലേ ദൂരസ്ഥം
ജ്ഞാനദേവതേ, നിൻനഭോമണ്ഡലം!
എങ്കിലുമവനുൽഗ്ഗതി സംരംഭ-
ത്തിങ്കൽനിന്നു പിന്മാറില്ലൊരിയ്ക്കലും;
ത്വച്ചിദാകാശശുദ്ധമരുത്തിനെ-
യുച്ഛ്വസിയ്ക്കായ്കിലാരുണ്ടുയിർക്കൊൾവൂ!

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014